

പാലസ്തീനയിലെ 'നെബോമല'യിലുള്ള മാമ്മോദീസാക്കളം

A. D. 597-ൽ ഒരു ദൈവാലയത്തോടു ചേർന്നു നിർമ്മിക്കപ്പെട്ടതും മാമ്മോദീസാക്കായി ഉപയോഗിച്ചിരുന്നതുമായ ഈ കളത്തിൽ മുങ്ങിയാണ് ആളുകൾ മാമ്മോദീസാ സ്വീകരിച്ചിരുന്നത്. സാധാരണയായി പള്ളിയോടനുബന്ധിച്ച് പരിസരത്തെവിടെയെങ്കിലും മാമ്മോദീസാക്കളം കണ്ടിരുന്നു. ചിത്രത്തിലും മാമ്മോദീസാക്കളം ദൈവാലയത്തോടു ചേർന്നാണു കാണുക. മൊസെയ്ക് ചിത്രങ്ങൾ മാമ്മോദീസായുടെ ആശയം സൂചിപ്പിക്കുന്നു. ''ജീവൻെറ മരങ്ങൾ." കാട്ടരുവി തേടി നടക്കുന്ന മാൻപേട,'' (സങ്കീ. 42): ജീവൻെറ ജലം എന്നിങ്ങനെയുള്ള ആശയങ്ങൾ ചിത്രത്തിൽ കാണാവുന്നതാണ്.

വാല്യം 3
ഫെബ്രു, 1983
ലക്കം 2

# ദുക്റാന

www.TheCMSIndia.org

# ദുക്റാന
## ആരാധന

പുസ്തകം 3 | 1983 ഫെബ്രുവരി | ലക്കം 2

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## നാം നമ്മെത്തന്നെ കാണുക

ഹിമധൂളിപോലുള്ള നൂലുകൾകൊണ്ടു കെട്ടിയ ചിലന്തിവല. അവിടവിടെ ജലകണങ്ങൾകൊണ്ടു പതിച്ച മുത്തുമണികൾ. ആറു പട്ടത്തിലുള്ള അതിരു്. ആകെ മനോഹരം. ചെറു പ്രാണികൾ അങ്ങോട്ടു ആകൃഷ്ടിക്കപ്പെടുന്നു. പക്ഷേ ചെന്നുപററുന്ന പ്രാണികളൊന്നും അവിടെനിന്നു രക്ഷപെടുകയില്ല. പശിമചേർന്ന നൂലിൽ ഒട്ടിച്ചേർന്നു് അവിടെത്തന്നെയിരുന്നുപോകുന്നു. ഈ ജീവിതവും ഒരു ചിലന്തിവലയാണു്; യൗവ്വനവും സൗന്ദര്യവും പണവും പ്രതാപവും, പേരും പെരുമയുംകൊണ്ടു നെയ്തെടുത്ത ഒരു ചിലന്തിവല. ഇന്ദ്രിയതലത്തിൽ സുഖങ്ങൾക്കുവേണ്ടി കണ്ണുംപൂട്ടിയുള്ള ഓട്ടം മനുഷ്യനെ സുഖാസക്തനാക്കുകയും ഒടുവിൽ തളത്തിക്കളയുകയും ചെയ്യുന്നു. ജീവിതം ഇന്നു മിക്കവെക്കും ദുർഗ്ഗ്രഹമായ ചുമടാണു്, ഉൽക്കണ്ഠയും ഭീതിയും അസ്വസ്ഥതയും വ്യർത്ഥതാബോധവുംകൊണ്ടു ലക്ഷോപലക്ഷം ജീവിതങ്ങൾ ഞെരിഞ്ഞുതകരുന്നു: ഇക്കൂട്ടർക്കു് മനുഷ്യൻ വെറും ശരീരമനസ്സുകൾ ചേർന്ന സൃഷ്ടിയാണു്. മനുഷ്യന്റെ വ്യക്തിത്വത്തിന്റെ അഗാധതയിൽ നിത്യമായൊരു സത്തയുണ്ടെന്നു അവർ സ്മരിക്കുന്നില്ല. ആ സത്തയാണു് അവന്റെ ആത്മാവു്. അതാണു് അവന്റെ യാഥാർത്ഥ്യം. അതു് അനശ്വരവും പവിത്രവുമാണു്. അന്തർമുഖമായ അന്വേഷണത്തിൽക്കൂടിവേണം ഇതു സാക്ഷാത്കരിക്കുവാൻ. അന്തർമുഖമായ ഈ അന്വേഷണം സാധിക്കാൻ ഉപയുക്തമാണു് നോയമ്പു്. ജീവിതവ്യഗ്രതകളിൽനിന്നകന്നു് സ്വന്തം ജീവിതത്തിലേയ്ക്കു് ഒന്നു മുഖംതിരിക്കുവാൻ കിട്ടുന്ന കനകാവസരമാണിതു്.




ചാക്കുവസ്ത്രം ധരിക്കുന്നതും ശാരീരികപീഡനങ്ങൾ ഏല്പിക്കുന്നതുമല്ല, സ്വീകാര്യമായ ഉപവാസം. വിശക്കുന്നവനു് ആഹാരം പങ്കുവയ്ക്കുക, അനീതി നിറഞ്ഞ ഉടമ്പടികൾ പിച്ചിക്കീറുക........ഉപവാസം ഇതാകുന്നുവെന്നു് കർത്താവു് അരുൾ ചെയ്യുന്നു. (ബർണബാസ്)

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## നോയമ്പിന്റെ സന്ദേശം

ശാരീരികമായ തപശ്ചര്യകൾ നോയമ്പിന്റെ അവിഭാജ്യഘടകമാണ്. മാനസികവും ശാരീരികവുമായ തപശ്ചര്യകളുടെയും പ്രായശ്ചിത്തത്തിന്റെയും ഫലമായി മന:പരിവർത്തനം സാധിക്കാനുള്ള ഉപാധിയാണ് നോയമ്പ്. നമുക്ക വന്നുചേരുന്ന ബുദ്ധിമുട്ടുകളും കഷ്ടതകളും ക്ഷമാപൂർവ്വം സഹിക്കുക, നീതിപൂർവ്വം പെരുമാറുക, ശത്രുക്കളോട് ഹൃദയപൂർവ്വം ക്ഷമിക്കുക, നമുക്ക് ആവശ്യമായ ആഹാരപദാർത്ഥങ്ങളും സുഖസാമഗ്രികളുംവരെ, കഷ്ടതയിലും പട്ടിണിയിലും കഴിയുന്നവർക്കായിപരിത്യജിക്കുക മുതലായവയായിരിക്കട്ടെ നമ്മുടെ നോയമ്പുകാലകൃത്യങ്ങൾ.

കർത്താവിന്റെ അരൂപി ഈശോയെ മരുഭൂമിയിലേയ്ക്കു നയിച്ചതുപോലെ നോയമ്പിന്റെ മണലാരണ്യത്തിലേയ്ക്കു ദൈവാരൂപി സഭാസന്താനങ്ങളെയും നയിക്കുകയാണ്. ഈ കാലഘട്ടത്തിൽ ദുർവ്വികാരങ്ങളുടെ കൊടും ചൂടും ഭൗതികസുഖങ്ങളുടെ അതിപ്രകാശവും ഇഷ്ടസിദ്ധിക്കായുള്ള കഠിന ദാഹവുമൊക്കെ ഇവിടെ നമുക്കും അനുഭവപ്പെടാം. പക്ഷേ എല്ലാററിനേയും ചെറുത്തു തോല്പിക്കാനുള്ള ശക്തി നോയമ്പുകാലത്തെ ഉപവാസംമൂലം നാം സമ്പാദിക്കണം. പരിശുദ്ധാരൂപിയാൽ പൂരിതരായിക്കൊണ്ടു ഈശോയെപ്പോലെ അതിഭൗതികസുഖങ്ങളുടെ മുഖത്തുനോക്കിക്കൊണ്ടു നമുക്ക പറയാൻ കഴിയണം. സാത്താനെ ''ദൂരെപ്പോവുക.''

## നോയമ്പ് എല്ലാവർക്കും അനുഭൂതമാകട്ടെ

പിറവിത്തിരുനാളും ഉയിർപ്പുതിരുനാളുംപോലെ എല്ലാവർക്കുംവേണ്ടിയുള്ളതാണ് നോയമ്പും. ആബാലവൃദ്ധം ജനങ്ങളെയും പിറവിയും ഉയിർപ്പും സ്പർശിക്കുന്നുണ്ടല്ലൊ, അതുപോലെതന്നെ നോയമ്പിന്റെ ചെഷ്ടികളും ഏതെങ്കിലും വിധത്തിൽ ഒരു കുടുംബത്തിലുള്ള സകലരെയും സ്പർശിക്കാതെ കടന്നുപോകരുത്. മാമ്മോദീസാ സ്വീകരിച്ചവർക്ക് ജ്ഞാനസ്നാനവേളയിലെടുത്ത വാഗ്ദാനം നവീകരിക്കാനുള്ള സന്ദർഭമാണിത്; അതുപോലെതന്നെ പാപങ്ങളെക്കുറിച്ചു മന:സ്തപിക്കുവാനും പ്രായശ്ചിത്തം ചെയ്യാനുമുള്ള അവസരവുമാണ് നോയമ്പുകാലം. നോയമ്പുകാലത്തു രണ്ടു കാര്യങ്ങൾ നാം ചെയ്യേതീരൂ. ഒന്ന്, വിശുദ്ധ ഗ്രന്ഥപാരായണം അഥവാ ശ്രവണം. രണ്ട് ആത്മാർത്ഥമായ പ്രാർത്ഥന. പ്രാർത്ഥനാവിഷയം ഈശോയുടെ പീഡാനുഭവവും ഉത്ഥാനവുമായിരിക്കട്ടെ.

നോയമ്പ് വിശുദ്ധിയിലേയ്ക്കുള്ള ഒരു തീർത്ഥാടനമാണ്, അനാവശ്യമായ ജീവിതഭാരം ഇറക്കിവച്ചിട്ടാകട്ടെ നമ്മുടെ യാത്ര. മാന്യമായ ജീവിതത്തിനോ, ആരോഗ്യത്തിനോ സുഖത്തിനോ വേണ്ടാത്ത ഒട്ടേറെ വസ്തുക്കളുടെ സംഭരണവും വിനിയോഗവുംവഴി മനുഷ്യജീവിതം ഇന്നു കണ്ടു വിഴുപ്പുകെട്ടെല്ലാം ചുമക്കുന്ന കഴുതയുടെ മട്ടിലായിരിക്കുകയാണ്. ഈ ദുർവ്വഹമായ ചുമടു ചുമലിൽനിന്നും ഇറക്കിവയ്ക്കാതെ നോയമ്പുകാലതരംഗിണി നമുക്ക തരണംചെയ്യാനാവുകയില്ല.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA




നാം നമ്മെതന്നെ കാണുക.

എഡിറേറാറിയൽ

മാർത്തോമ്മാശ്ലീഹായും സുറിയാനി ആരാധനക്രമവും. 4

ഡോ. സേവ്യർ കൂടപ്പുഴ

ചിത്രകഥ—മെൽക്കിസദേക്കിൻെറ ബലി

ജോസഫ് നൃട്ടൻ

നോമ്പുകാലം 11

ഡോ. വർഗീസ് പാത്തികുളങ്ങര.

ദനഹാ എന്ന സുദിനം അർമ്മേനിയൻ സഭയിൽ 15

ജോസ് പാലക്കീൽ

മലങ്കരസഭയിൽ

ഡോ. പേടിയത്തു്

പൊൻമലകയററം 21

ഫാ. തോമസ് നീണ്ടൂർ

ശുശ്രൂഷി വിലകുറഞ്ഞവരോ? 25

ഡോ. ജോർജ്ജ് വാവാനിക്കുന്നേൽ

റീത്തുകൾ ഒരു മനോഹര മാല്യം 31

ജസ്റ്റിസ് ഠാണ്ടപ്പിള്ളി

നോമ്പുകാല പ്രാർത്ഥനകൾ 33

വാർത്ത 45

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

മാർത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനക്രമ പാരമ്പര്യത്തെക്കുറിച്ച് ചില സന്നിഗ്ദ്ധമാനസർ തലപൊക്കിത്തുടങ്ങിയിരിക്കുന്നു! തങ്ങളുടെ ആരാധനക്രമ പൈതൃകം തോമ്മാശ്ലീഹായിൽനിന്ന് ലഭിച്ചതാണെന്ന് ഉച്ചൈസ്തരം പ്രഖ്യാപിക്കുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്തുവരായിരുന്നു നമ്മുടെ പൂർവ്വികന്മാർ. അതിനെ ആരും ഇതുവരെ ചോദ്യം ചെയ്തിട്ടുമില്ല. എന്നാൽ ഇപ്പോഴിതാ ഈയിടെ ഈ പാരമ്പര്യം വൈദേശികമെന്നു പറഞ്ഞ് വിലയിടിക്കാൻ ശ്രമിക്കുന്നു. ഇക്കൂട്ടരുടെ ആക്ഷേപത്തിൽ എത്രത്തോളം കഴമ്പുണ്ടെന്ന് അപഗ്രഥിക്കുകയാണ് ഈ ലേഖനത്തിലൂടെ സഭാചരിത്ര പണ്ഡിതനായ റവ. ഡോ. കൂടപ്പുഴ.



# മാർത്തോമ്മ ശ്ലീഹായും സുറിയാനി ആരാധനയും

സേവ്യർ കൂടപ്പുഴ

ഒരു കത്തോലിക്കാ വാരികയുടെ 1983 ജനുവരി 15 ലക്കത്തിൽ മത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനക്രമപാരമ്പര്യത്തെപ്പറ്റി വികലമായ പല ആശയങ്ങളും കാണുന്നതിനിടയായി! (സീറോമലബാർസഭയുടെ ആരാധനക്രമം തോമ്മാശ്ലീഹായിൽനിന്ന് ലഭിച്ചതല്ലെന്നും 4–ാം നൂറ്റാണ്ടിൽ അടിച്ചേല്പിച്ചതാണെന്നും തന്മൂലം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാപൈതൃകമല്ലെന്നുമൊക്കെയാണ് ലേഖകൻ പ്രസ്താവിച്ചിരിക്കുന്നത്.) ഇത്തരുണത്തിൽ ഈ വിഷയത്തെപ്പറ്റി ഹ്രസ്വമായൊരു വിശകലനം ആവശ്യമായിവന്നിരിക്കുന്നു.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART